പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 170 03-10-2011 -ൽ മറുപടിക്ക്.

## ലഹരി വിരുദ്ധ ക്ലബ്ബുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" വർക്കല കഹാർ<br>" ഷാഫി പറമ്പിൽ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ ശക്തമായ പ്രചാരണം നടത്തുവാൻ എക്സൈസ് വകുപ്പ് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്, എക്സൈസ് വകുപ്പ് ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന ജാലവിദ്യാ പ്രകടനവും എഫ്.എം. റേഡിയോ, ആകാശവാണി വഴിയുള്ള പ്രചരണം എന്നിവ നടത്തുകയുണ്ടായി. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്നപേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ബോധവൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. |
| (ബി) സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകളെ ഇതിനായി ഫലപ്രദമായി വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) സ്വീകരിച്ചു വരുന്നു. |
| (സി) സംസ്ഥാനത്തെ തീയറ്ററുകളിലും കലാലയങ്ങളിലും സ്കൂളുകളിലും ദൃശ്യമാധ്യമങ്ങളിലും ഇതിനായി ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കുമോ? | (സി) സ്കൂളുകളിലും പ്രധാന കവലകളിലും എക്സൈസ് വകുപ്പ് നിർമ്മിച്ച, 'ദുരന്ത ലഹരി' എന്നപേരിൽ ഒരു ഡോക്യുമെന്ററി പ്രദർശിപ്പിക്കുകയും, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്യുകയും ചെയ്തു. കൂടാതെ, ശ്രീ. പത്മശ്രീ മമ്മൂട്ടി നിർമ്മിച്ചു നല്കിയ ഹ്രസ്വചിത്രവും പ്രദർശിപ്പിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ